(ബി) ഏച്ചൂർ സെക്ഷനാഫീസിനുകീഴിൽ നിലവിൽ എത്ര കൺസ്യൂമർമാരുണ്ട് ;

(സി) എത്ര കൺസ്യൂമർമാർ അധികരിക്കുമ്പോഴാണ് സെക്ഷനാഫീസ് വിഭജിക്കുന്നതിന് അർഹമാകുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഉപഭോക്താക്കളുടെ എണ്ണം 25000-ൽ കൂടുതലും, വിസ്തൃതി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലും, പ്രത്യേക ഭൂപ്രകൃതിയുമുള്ള സെക്ഷനുകളാണ് വിഭജനത്തിനായി പരിഗണിക്കുന്നത്. 75 ചതുരശ്ര കി.മീറ്റർ വിസ്തൃതിയുള്ള ഏച്ചൂർ സെക്ഷന്റെ പരിധിയിൽ നിലവിൽ 21392 ഉപഭോക്താക്കൾ ആണുള്ളത്. അതിനാൽ ഏച്ചൂർ സെക്ഷൻ വിഭജിച്ച് ചട്ടുകപ്പാറയിൽ ഒരു പുതിയ സെക്ഷൻ ആരംഭിക്കുന്ന കാര്യം ബോർഡിന്റെ പരിഗണനയിലില്ല.

അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നടത്തിയ നിയമനങ്ങൾ

183 (1147) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്ന് അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ എത്ര നിയമനങ്ങൾ നടത്തിയെന്നു വ്യക്തമാക്കുമോ ;

(ബി) 2011 മാർച്ച് 31-നു മുമ്പായി എത്ര വേക്കൻസികൾ കൂടി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുമെന്ന് വിശദമാക്കുമോ ;

(സി) കെ.എസ്.ഇ.ബി.-യുടെ കമ്പനിവൽക്കരണം പ്രസ്തുത നിയമനങ്ങളെ പ്രതികൂലമായി ബാധിക്കുവാൻ സാധ്യതയുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 588 പേർക്ക് (അഞ്ഞൂറ്റി എൺപത്തിയെട്ട്) നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) നിലവിൽ ഉണ്ടായിട്ടുള്ള 214 ഒഴിവുകൾ (വിവിധ കാറ്റഗറികളിലായി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി.-യുടെ കമ്പനിവത്ക്കരണം നിയമന നടപടികളെ പ്രതികൂലമായി ബാധിക്കാൻ ഇടയില്ല.

LIBRARY ARCHIVES Kerala Legislative Assembly